107295/2022

LR/847/2021-LR(N1) -Part(1)　　　　　　　　　　　　　　　　　　　　തീയതി:30-11-2022

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :ANUPAMA T V IAS)

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം ,
മെയിൽ: lrcommissioner@gmail.com, ഫോൺ :0471-2322885

വിഷയം:- ചെയിൻ സർവ്വേ പരിശീലനം - പരിശീലന പരിപാടിയിൽ നിന്ന് ജീവനക്കാരെ ഒഴിവാക്കി നടപടിക്രമം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

സൂചന:- 22-11-2022 ഇതേ നമ്പർ നടപടിക്രമം.

സൂചന പ്രകാരം ചെയിൻ സർവ്വേ പരിശീലനത്തിനായി തിരുവനന്തപുരം കേന്ദ്രത്തിൽ നിയോഗിച്ചവരിൽ ക്രമ നം 2 ആയി നിയോഗിച്ച മീര. ഡി.എസ് പരിശീലനം പരിത്യജിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ക്രമ നം 9 ആയി നിയോഗിച്ച ശ്രീ. ഷാജി. ടി.ആർ 55% ഭിന്നശേഷിക്കാരനും, ക്രമ നം 25 ആയി നിയോഗിച്ചിട്ടുള്ള സാമിനി.കെ.ജെ വകുപ്പ് വിട്ടു പോയിട്ടുള്ളതുമാണ്.കൂടാതെ തൃശ്ശൂർ കേന്ദ്രത്തിൽ ക്രമ നം. 27 ആയി നിയോഗിച്ച സുജാമോൾ .എ.ടി പരിശീലനം പരിത്യജിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.മേൽ സാഹചര്യത്തിൽ സുജാമോൾ.എ.ടി, മീര. ഡി.എസ് എന്നിവർക്ക് പരിശീലനം പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.പരിശീലനം പരിത്യജിച്ച വിവരം 14-11-2019 ലെ എൽ . ആർ .എൻ1 -1002/2019 നമ്പർ പരിപത്രത്തിലെ നിർദേശങ്ങൾക്കനുസൃതമായി ടിയാളുകളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.ടിയാളുകൾക്ക് പകരം ചുവടെ ചേർക്കുന്ന ക്ലാർക്ക് / വി.എ . തസ്തികയിലെ പരിശീലനാർത്ഥികളെ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ ചെയിൻ സർവ്വേ പരിശീലനത്തിനായി നിയോഗിച്ചും 22-11-2022 ലെ ഉത്തരവ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

| ക്രമ നം | പേര് | പെൻ നം. | ജില്ല | പരിശീലന കേന്ദ്രം |
|---|---|---|---|---|
| 1. | ലക്ഷ്മി . എൽ | 737313 | കൊല്ലം | തിരുവനന്തപുരം |
| 2. | സുകന്യ കൃഷ്ണൻ | 909424 | എറണാകുളം | തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിന്ന് തിരുവനന്തപുരം കേന്ദ്രത്തിലേക്ക് മാറ്റി നിയമിക്കുന്നു. |
| 3. | ജയശ്രീ . വി | 908764 | എറണാകുളം | തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിന്ന് തിരുവനന്തപുരം കേന്ദ്രത്തിലേക്ക് മാറ്റി നിയമിക്കുന്നു. |
| 4. | ജിഷ്ണ പ്രകാശ്. കെ.വി | 846081 | മലപ്പുറം | തൃശ്ശൂർ |
| 5. | രശ്മി . സി | 909212 | മലപ്പുറം | തൃശ്ശൂർ |
| 6. | ഷിന . പി | 774273 | കാസർഗോഡ് | തൃശ്ശൂർ |

107295/2022

തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ട പരിശീലനാർത്ഥികൾ അസിസ്റ്റന്റ് ഡയറക്ടർ , സർവ്വേയും ഭൂരേഖയും വകുപ്പ്, സെൻട്രൽ സർവ്വേ ഓഫീസ് , തിരുവനന്തപുരം മുമ്പാകെയും , തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ടവർ അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ റേഞ്ച് ഓഫീസ്,തൃശ്ശൂർ മുമ്പാകെയും 05-12-2022 ന് രാവിലെ 10 മണിക്ക് ഹാജരാകണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേലധികാരി/ജില്ലാ കളക്ടർ വിടുതൽ ചെയ്യേണ്ടതാണ്.ജീവനക്കാർ ഇതിനു മുമ്പ് സർവ്വേ പരിശീലനം നേടിയിട്ടില്ലെന്ന് ഓഫീസ് മേലധികാരി/ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതും പരിശീലനത്തിന് നിയോഗിക്കപ്പെട്ട വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.മേൽ പരാമർശിച്ച ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിന് ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യലയത്തിൽ അറിയിക്കേണ്ടതാണ്.

ANUPAMA T V IASCOMMISSIONER LAND REVENUE

പരിശീലനാർത്ഥികൾക്ക് (ജില്ലാ കളക്ടർ / ഓഫീസ് മേധാവി മുഖാന്തിരം )

പകർപ്പ് :-
1. ഡയറക്ടർ ,സർവ്വേയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ , ഐ.എൽ.ഡി.എം ,പി.ടി.പി നഗർ ,തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ ,സെൻട്രൽ സർവ്വേ ഓഫീസ് , തിരുവനന്തപുരം.
4. അസിസ്റ്റന്റ് ഡയറക്ടർ ,സർവ്വേ റേഞ്ച് ഓഫീസ് ,തൃശ്ശൂർ.
5. ജില്ലാകളക്ടർ , കൊല്ലം / എറണാകുളം / മലപ്പുറം / കാസർഗോഡ്
6. നോഡൽ ഓഫീസർ ,സ്റ്റേറ്റ് ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് )
7. കരുതൽ ഫയൽ.

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.